ന മാമിമേ ജ്ഞാതയ ആതുരം ഗജാ:
കുത: കരിണ്യ: പ്രഭവന്തി മോചിതും
ഗ്രാഹേണ പാശേന വിധാതുരാവൃതോ
*f*പ്യഹം ച തം യാമി പരം പരായണം (8-2-32)
യ: കശ്ചനേശോ ബലിനോ*f*ന്ത കോരഗാത്
പ്രച ണ്ഡ വേഗാദഭിധാവതോ ഭൃശം
ഭീതം പ്രപന്നം പരിപാതി യദ്ഭയാ
ന്മൃത്യു: പ്രധാവത്യരണം തമീമഹി (8-2-33)

*ശുകമുനി തുടർന്നു:*
പണ്ടുകാലത്ത് ത്രികുടം എന്നു പേരായ ഒരു മഹാമേരു ഉണ്ടായിരുന്നു. അതിൽ വിലപിടിച്ച രത്നങ്ങളും ലോഹങ്ങളും നിറഞ്ഞിരുന്നു. പർവ്വതത്തിലെ ഗുഹകളിൽ സ്വർഗ്ഗവാസികളും മാമുനികളും സന്ദർശനം നടത്തി. സിംഹം, മറ്റുവന്യമൃഗങ്ങൾ, പക്ഷികൾ തുടങ്ങിയ പലേ തരത്തിൽപ്പെട്ട ജീവികൾ മലയുടെ താഴ്വരകളിൽ പാർത്തുവന്നു. അവിടെ പുഴകളും തടാകങ്ങളും അവയെ സമ്പുഷ്ടമാക്കി.

ഒരു താഴ്വരയിൽ, വരുണൻെറ പൂങ്കാവനമുണ്ടായിരുന്നു. ഋതുമാൻ എന്നറിയപ്പെട്ടിരുന്ന ഈ പൂന്തോട്ടത്തിൽ അപ്സരസുകൾ വിളയാടി. എന്നും വസന്തമായിരുന്നു അവിടെ. അലൌകീകവും സ്വർഗ്ഗീയവുമായ മരങ്ങളവിടെ തഴച്ചു വളർന്നു. പൂങ്കാവനത്തിനു നടുക്കുള്ള അതീവസുന്ദരമായ പൊയ്കയിലെ താമരപ്പൂക്കൾ സ്വർണ്ണവർണ്ണവുമായിരുന്നു. പല തരത്തിലുള്ള അരയന്നങ്ങൾ തടാകത്തിൽ നീന്തിക്കളിച്ച് അതിനു ചാരുതയേറ്റി.

ഒരു ദിവസം ഭീമാകാരനായ ഒരാന അവൻെറ പരിവാരസമേതം പൂന്തോട്ടത്തിൽ പ്രവേശിച്ചു. കൂടെ പിടിയാനകളും കുട്ടികളും ഉണ്ടായിരുന്നു. സംഘത്തലവൻെറ പ്രൗഢിയിലും വലുപ്പത്തിലും അവൻെറ നടപ്പിലും, ആ പർവ്വതനിര മുഴുവൻ കുലുങ്ങുന്നതുപോലെ തോന്നി. സിംഹങ്ങളും മറ്റു വന്യമൃഗങ്ങളും അവൻെറ പാതവിട്ട് ഓടിപ്പോയി. ശക്തി കുറഞ്ഞ വന്യമൃഗങ്ങൾക്കാവട്ടെ ഈ കരിവീരൻെറ ആക്രമണഭീതി ഉണ്ടായതുമില്ല. അതുകൊണ്ട് അവർ കാട്ടിൽ സ്വതന്ത്രമായി ഓടി നടന്നു. ആനകൾക്ക് ദാഹമുണ്ടായിരുന്നു. പൊയ്കയുടെ സാന്നിദ്ധ്യം മണത്തറിഞ്ഞ ഗജേന്ദ്രൻ ദാഹശമനത്തിനായി അവിടെ ചെന്നു. വെള്ളത്തിലിറങ്ങി അവൻ ദാഹമടക്കി. കൂടെ പരിവാരവും. സന്തോഷത്താൽ അവൻ പെണ്ണാനകളുടേയും കുട്ടികളുടേയും മേൽ വെള്ളം ചീറ്റി കളിച്ചു. വരാൻ പോവുന്ന ആപത്തിനെപ്പറ്റി ഭയമേതും കൂടാതെ അവരങ്ങിനെ ആനന്ദിച്ചു.

ആ പൊയ്കയിൽ താമസിച്ചിരുന്ന ഒരു മുതല, ഗജേന്ദ്രൻെറ കാലിൽ പിടികൂടി. എന്നിട്ട് ജലത്തിൻെറ ആഴങ്ങളിലേക്ക് അവനെ വലിക്കാൻ തുടങ്ങി. രണ്ടുപേരും കൂടി വലിയൊരു പിടിവലി നടന്നു. പെണ്ണാനകൾക്ക് ചിന്നം വിളിച്ചു നിലവിളിക്കാനേ കഴിഞ്ഞുള്ളൂ. സംഘത്തിലെ കൊമ്പന്മാരും നിസ്സഹായരായിരുന്നു. ഗജേന്ദ്രന് അനുനിമിഷം ക്ഷീണമേറിയും മുതലക്ക് ശക്തിയേറിയും വന്നു. ഉടൻ സാദ്ധ്യതയുള്ള മരണത്തെപ്പറ്റി ഓർത്ത് ആന ഇങ്ങിനെ പറഞ്ഞു. “ലൗകീകബന്ധുക്കളായ ഇവർക്കൊന്നും എന്നെ സഹായിക്കാനോ ഈ വ്യാഘ്രത്തിൻെറ പിടിയിൽ നിന്ന് രക്ഷിക്കാനോ കഴിവില്ല. അതുകൊണ്ട് ഞാൻ ആ പരംപൊരുളിൽ അഭയം തേടുന്നു. മരണമെന്ന സർപ്പം വേട്ടയാടപ്പെടുന്നവന് അഭയം കൊടുക്കുന്നു ആ ഭഗവാൻ. മരണത്തിൻെറ കാലൻ തന്നെയത്രെ അദ്ദേഹം.”